# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 16 06-01-2014-ലെ മറുപടിയ്ക്ക്

## സാധാരണക്കാരുടെ ജീവിത പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള ശ്രമം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. വി. വിജയദാസ്<br>ശ്രീ. ടി. എം. തോമസ് ഐസക്<br>ശ്രീ. ജി. സുധാകരൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | | ശ്രീ. ഉമ്മൻ ചാണ്ടി<br>ബഹു: മുഖ്യമന്ത്രി | |
| (എ) | നിലവിലുള്ള ഭരണ നിർവ്വഹണ സംവിധാനത്തെയും ജീവനക്കാരേയും ഉപയോഗിച്ച് സാധാരണക്കാരുടെ ജീവിത പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള ശ്രമം നടത്തുമോ; | (എ) | സാധാരണക്കാരുടെ ജീവിത പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള ശ്രമം സർക്കാർ നടത്തിവരികയാണ്. |
| (ബി) | ഒരു ജനാധിപത്യ ഭരണ സംവിധാനത്തിൽ ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസമേകുന്ന പദ്ധതികൾക്ക് രൂപം നൽകി, നിർവ്വഹണ സംവിധാനങ്ങളിലൂടെ അർഹതയുള്ളവരെ കണ്ടെത്തി, അവർക്ക് അർഹമായ വിധത്തിൽ, സാമ്പത്തികമായും മറ്റു വിധത്തിലുമുള്ള സഹായമെത്തിക്കുമോ; | (ബി) | കാരുണ്യ പദ്ധതി പോലെയുള്ള പദ്ധതികൾ മുഖേന ദുരിതമനുഭവിക്കുന്നവർക്ക് സഹായം നൽകുന്നുണ്ട്. |
| (സി) | ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം ആവശ്യപ്പെട്ടവർക്ക് പണം അനുവദിക്കുന്നതിനപ്പുറം, വീടുകൾ അനുവദിക്കുക, വായ്പകൾ എഴുതി തള്ളുക, വൈദ്യുതി കണക്ഷൻ നൽകുക, റോഡുകൾ ഗതാഗത യോഗ്യമാക്കുക, അഴിമതി തടയുക, സ്ഥലം മാറ്റത്തിൽ മാനദണ്ഡം പാലിക്കുക, മാലിന്യം നീക്കുക, വിലക്കയറ്റം തടയുക തുടങ്ങിയ ആവശ്യങ്ങളിൽ ബഹുഭൂരിപക്ഷത്തിനും പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഇല്ല. എന്നാൽ വീടുകൾ അനുവദിക്കുക, വായ്പകൾ എഴുതി തള്ളുക, വൈദ്യുതി കണക്ഷൻ നൽകുക, റോഡുകൾ ഗതാഗത യോഗ്യമാക്കുക തുടങ്ങിയ വിഷയങ്ങളിൽ അടിയന്തര ശ്രദ്ധ ചെലുത്തി ലഭ്യമായ വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതോടൊപ്പം 10/09/2004 ലെ G.O(P) 12/04/P&ARD പ്രകാരം സ്ഥലം മാറ്റത്തിൽ പാലിച്ചിരിക്കേണ്ട മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

(ഡി) അധികാര വികേന്ദ്രീകരണ നടപടികളിലൂടെയും ഭരണ നിർവ്വഹണ സംവിധാനം ശക്തിപ്പെടുത്തുന്നതിലൂടെയും ചട്ടങ്ങൾ കാലോചിതമാക്കുന്നതിലൂടെയും അതിനനുസൃതമായ നയസമീപനങ്ങളിലൂടെയും ജനങ്ങളുടെ ജീവിത പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കുമോയെന്ന് വ്യക്തമാക്കാമോ?

(ഡി) 73, 74 -ാം ഭരണഘടനാ ഭേദഗതിയോടെ പഞ്ചായത്ത് നഗരപാലികാ നിയമങ്ങൾക്ക് ഭരണഘടനാ പദവി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കേരള പഞ്ചായത്ത് മുൻസിപ്പാലിറ്റി നിയമങ്ങൾ നിലവിൽ വന്നു. ശക്തമായ നിയമ സംവിധാനത്തിന്റെ പിൻബലത്തോടെ അധികാര വികേന്ദ്രീകരണം പൂർണ്ണമായും നടപ്പിലാക്കുന്നതിൽ മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. ഭരണ ഘടനയിലെ 11-ാം ഷെഡ്യൂളിലെ 29 ചുമതലകളിൽ 25 എണ്ണവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയത് അധികാര വികേന്ദ്രീകരണം ശക്തമാക്കി നിലനിറുത്തുവാൻ പ്രാപ്തമാക്കി കാലോചിതമായ നിയമ പരിഷ്ക്കരണങ്ങളും അതു പ്രകാരമുള്ള നയസമീപനങ്ങളും ഈ രംഗത്തുള്ള വളർച്ചയ്ക്ക് നിദാനമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേയ്ക്ക് അധികാരങ്ങളോടും ചുമതലകളോടുമൊപ്പം, ഭരണ സംവിധാനം സുസജ്ജമാക്കുവാൻ പ്രേരണയാകുന്ന ഉദ്യോഗസ്ഥ സംവിധാനത്തെയും കൂടി കൈമാറ്റം ചെയ്തതിന്റെ ഫലമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സ്വയം പ്രവർത്തിക്കുവാൻ സാധിക്കുന്ന തദ്ദേശ സർക്കാരുകളാക്കി മാറ്റുവാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്.

ജനകീയാസൂത്രണം, പദ്ധതി രൂപീകരണം, നികുതി പരിഷ്ക്കരണം തുടങ്ങിയ വികസനോന്മുഖവും അടിസ്ഥാനപരവുമായ ജനകീയ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്നത് അധികാര വികേന്ദ്രീകരണം ജനകീയമാക്കുവാൻ ഏറെ പ്രേരകമായ ഘടകങ്ങളാണ്.

സെക്ഷൻ ഓഫീസർ